## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.414** 27.02.2018-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടികൾ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ.യിലെ പ്രവാസി ചിട്ടികളിൽ നിലവിൽ എത്ര പ്രവാസികൾ ചേർന്നിട്ടുണ്ട്; വിശദാംശം വ്യക്തമാക്കമോ; | (എ) | പ്രവാസി ചിട്ടികൾ ആരംഭിച്ചിട്ടില്ല. ഇതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ. നടത്തിയ ബോധവത്ക്കരണ പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് നിരവധി തരത്തിലുള്ള ബോധവത്കരണ പരിപാടികൾ കമ്പനിയ്ക്കകത്തും പുറത്തും കെ.എസ്.എഫ്.ഇ നടത്തുകയുണ്ടായി. 2017 ഒക്ടോബർ 12, 13 തീയതികളിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽ വെച്ച് കെ.എസ്.എഫ്.ഇ ജീവനക്കാർക്കായി ഒരു സംസ്ഥാനതല വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. ജീവനക്കാർക്കിടയിൽ പ്രവാസി ചിട്ടിയെക്കുറിച്ചും അതിന്റെ വിവിധ വശങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി 2017 ഒക്ടോബർ 30 ന് ബഹു. മുഖ്യമന്ത്രി തലശ്ശേരിയിൽ വെച്ച് പ്രവാസി ബന്ധു സംഗമങ്ങളുടെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. തുടർന്ന് എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങൾ ഉൾപ്പെടെ 160 ഓളം കേന്ദ്രങ്ങളിൽ വച്ച് പ്രവാസി ബന്ധു സംഗമങ്ങൾ നടത്തുകയുണ്ടായി. കേരളത്തിൽ താമസിക്കുന്ന പ്രവാസി ബന്ധുക്കളോട് പ്രവാസി ചിട്ടിയെക്കുറിച്ച് വിശദീകരിയ്ക്കുവാനും അതിലൂടെ കെ.എസ്.എഫ്.ഇ സ്വരൂപിക്കുന്ന പണം നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് എങ്ങനെ ഉപയുക്തമാക്കാം എന്ന് ബോധവൽക്കരണം നടത്താനും ഏകദേശം 25000 പ്രവാസികളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും കഴിഞ്ഞു. പ്രവാസി ചിട്ടിയെക്കുറിച്ച് |

| | | | |
|---|---|---|---|
| | | | അറിയാൻ വേണ്ടി 0471 2737888 എന്ന ഉപഭോക്തൃ സേവന ഫോൺ നമ്പറും www. Pravasi.ksfe.com എന്ന വെബ് സൈറ്റും തുടർച്ചയായി പ്രവർത്തിച്ച് വരുന്നു. പ്രവാസി ചിട്ടിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിയ്ക്കുന്നതിന് സഹായകമായ പരസ്യങ്ങൾ ഗൾഫ് രാജ്യങ്ങളിൽ നൽകുകയും കെ.എസ്.എഫ്.ഇ. യുടെയും കിഫ്ബിയുടെയും പ്രതിനിധികൾ പ്രസ്തുത രാജ്യങ്ങൾ സന്ദർശിച്ച് വിവിധ മലയാളി സമൂഹവുമായി ആശയ വിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രവാസിചിട്ടികളിൽ ചേർന്നവരുടെ ഫണ്ട് കിഫ്ബിയിൽ ഉൾപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ; | (സി) | പ്രവാസി ചിട്ടികളിൽ അടയ്ക്കുന്ന തുക കിഫ്ബിയിലേയ്ക്ക് ഉപയുക്തമാകുന്ന തരത്തിലാണ് പ്രസ്തുത ചിട്ടി രൂപകല്പന ചെയ്തിട്ടുള്ളത് |
| (ഡി) | നിലവിൽ എത്ര പ്രവാസികൾ കെ.എസ്.എഫ്.ഇ. യുടെ പ്രവാസിചിട്ടിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെന്ന വിവരം വിശദമാക്കുമോ? | (ഡി) | പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |
| (ഇ) | കെ.എസ്.എഫ്.ഇ. യിലെ ഇത്തരത്തിലുള്ള നിക്ഷേപം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്കുകൂടി പ്രയോജനപ്രദമാകുന്ന പദ്ധതി തയ്യാറാക്കുമോ; | (ഇ) | ഈ പദ്ധതി രൂപവത്കരിച്ചിട്ടുള്ളത് ഇതിൽ അടയ്ക്കുന്ന പണം കിഫ്ബിയുമായി ചേർന്ന് സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന സൗകര്യത്തിന് ഉപയുക്തമാക്കാനാണ്. ഇതിന്റെ രൂപകൽപ്പന പൂർത്തീകരിച്ച് പ്രായോഗിക പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലായതിനാൽ സഹകരണ ബാങ്കുകളെ ഈ പ്രവർത്തനത്തിൽ കണ്ണി ചേർക്കുക ഈ ഘട്ടത്തിൽ അപ്രായോഗികമാണ്. |
| (എഫ്) | കെ.എസ്.എഫ്.ഇ. യുടെ ചിട്ടിയിൽ ചേർന്നവർക്ക് ചിട്ടിപ്പണം ലഭിക്കുവാൻ സഹകരണ ബാങ്കുകളിലേക്ക് ചെക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | കെ.എസ്.എഫ്.ഇ യുടെ ശാഖകൾ സ്വതന്ത്രമായാണ് അവരുടെ അക്കൗണ്ടുകൾ തുറക്കുന്നത്. ഷെഡ്യൂൾഡ്/ നാഷണലൈസ്ഡ് ബാങ്കുകൾക്ക് പുറമേ ഇപ്പോൾ തന്നെ ജില്ലാ സഹകരണ ബാങ്കുകളിലും അക്കൗണ്ടുകൾ ഉള്ള ശാഖകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ